**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - പരപ്പനങ്ങാടി ഉപജില്ല ശാസ്ത്രോത്സവം 2016 – പരപ്പനങ്ങാടി ഉപജില്ലയിലെ മുനിസിപ്പാലിറ്റികളിൽ നിന്നും ഗ്രാമപഞ്ചായത്തുകളിൽ നിന്നും സംഭാവന നൽകുന്നതിന് യഥേഷ്ടാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയം ഭരണ (എഫ്.എം.) വകുപ്പ്**

സ.ഉ.(സാധാ) നം.**2944**/2016/തസ്വഭവ തിരുവനന്തപുരം, തീയതി, 26/10/2016

പരാമർശം:- 1. പരപ്പനങ്ങാടി ഉപജില്ലാ ശാസ്ത്രോത്സവ ജനറൽ കൺവീനറിന്റെ കത്ത്.
2. സ.ഉ.(സാധാ)58/06/തസ്വഭവ തീയതി 16/02/2006.

**ഉത്തരവ്**

പരപ്പനങ്ങാടി ഉപജില്ല ശാസ്ത്രോത്സവം 2016 തിരൂരങ്ങാടി ഓറിയന്റൽ ഹയർ സെക്കന്ററി സ്കൂളിൽ വച്ച് ഒക്ടോബർ 30, 31, നവംബർ 1 തീയതികളിൽ നടക്കുന്നതായും ടി മേളയുടെ സംഘാടന ചെലവുകൾക്ക് പരപ്പനങ്ങാടി ഉപജില്ല പരിധിയിൽ വരുന്ന മുനിസിപ്പാലിറ്റികളിൽ നിന്നും ഗ്രാമ പഞ്ചായത്തുകളിൽ നിന്നും സാമ്പത്തിക സഹായം നൽകുന്നതിനുള്ള അനുമതി നൽകണമെന്നും പരാമർശം (1) ലെ കത്ത് പ്രകാരം അഭ്യർത്ഥിച്ചിരിക്കുന്നു.

സർക്കാർ ഇക്കാര്യം പരിശോധിച്ചു. തിരൂരങ്ങാടി ഓറിയന്റൽ ഹയർ സെക്കണ്ടറി സ്കൂളിൽ വച്ച് നടക്കുന്ന പരപ്പനങ്ങാടി ഉപജില്ല ശാസ്ത്രോത്സവം 2016-ന്റെ സംഘാടന ചെലവുകൾക്കായി പരപ്പനങ്ങാടി ഉപജില്ല പരിധിയിൽ വരുന്ന തിരൂരങ്ങാടി, പരപ്പനങ്ങാടി മുനിസിപ്പാലിറ്റികളിൽ നിന്നും, മുന്നിയൂർ, വള്ളിക്കുന്ന്, ചേലേമ്പ്ര എന്നീ ഗ്രാമപഞ്ചായത്തുകളുടെ തനതു ഫണ്ടിൽ നിന്നും പരമാവധി 25000/- (ഇരുപത്തി അയ്യായിരം രൂപ) സംഭാവന നൽകുന്നതിന് അവരുടെ കമ്മിറ്റി തീരുമാനത്തിനും പരാമർശം (2) ലെ ഉത്തരവിലെ വ്യവസ്ഥകൾക്കും വിധേയമായി യഥേഷ്ടാനുമതി നൽകി ഉത്തരവാകുന്നു.

സംഭാവന നൽകുന്ന മുനിസിപ്പാലിറ്റികൾക്കും, ഗ്രാമപഞ്ചായത്തുകൾക്കും പരപ്പനങ്ങാടി ഉപജില്ല ശാസ്ത്രോത്സവ ജനറൽ കൺവീനർ (പ്രിൻസിപ്പാൾ OHSS, തിരൂരങ്ങാടി) ആഡിറ്റ് ചെയ്ത വരവ് ചെലവുകളുടെ അടിസ്ഥാനത്തിൽ ധന വിനിയോഗ സാക്ഷ്യപത്രം നൽകേണ്ടതാണ്.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,
എസ്.ഡി. സുനിൽകുമാർ
ഡെപ്യൂട്ടി സെക്രട്ടറി.

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം (പകർപ്പ് ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തുകൾക്ക് നൽകേണ്ടതാണ്)

പ്രിൻസിപ്പാൾ, ഓറിയന്റൽ ഹയർ സെക്കണ്ടറി സ്കൂൾ, തിരൂരങ്ങാടി
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം (പകർപ്പ് ബന്ധപ്പെട്ട നഗരസഭകൾക്ക് നൽകേണ്ടതാണ്)
റീജിയണൽ ജോയിന്റ് ഡയറക്ടർ, നഗരകാര്യ വകുപ്പ്, മലപ്പുറം
ഡയറക്ടർ, കേരള സ്റ്റേറ്റ് ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എൽ ബി എ & എ) കേരള, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ചെയർമാൻ/ ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം (തദ്ദേശസ്വയംഭരണ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ, പരപ്പനങ്ങാടി
ധനകാര്യ വകുപ്പ്
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

Liya

സെക്ഷൻ ഓഫീസർ